പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *421 — 05.02.2014 ലെ മറുപടിയ്ക്ക്

## കിസാൻ കാർഡുകളുടെ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. പാലോട് രവി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുകളും 1999 മുതൽ കിസാൻ ക്രെഡിറ്റ് കാർഡ് നൽകി വരുന്നു. സംസ്ഥാനത്ത് ഇപ്പോൾ 17.30 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ നിലവിലുണ്ട്. ഇതുവഴി നിലവിലുള്ള കാർഷിക വായ്പ 10010 കോടി രൂപയാണ്. കൃഷി വകുപ്പ് ഈ പദ്ധതിയുമായി സഹകരിച്ച് പരമാവധി അപേക്ഷകൾ ശുപാർശചെയ്ത് ബാങ്കുകൾക്ക് നൽകുന്നു. |
| (ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കിസാൻ ക്രഡിറ്റ് കാർഡ് എന്ന ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവും ആയി ബാങ്കുകൾ വഴി നൽകുന്നതിന് സൗകര്യമുണ്ടായിരിക്കും. കൃഷി ചെയ്യുന്ന സ്ഥല വിസ്തൃതിയും കൃഷി ചെയ്യുന്ന വിളകളുമനുസരിച്ചാണ് വായ്പ ലഭ്യമാകുന്നത്. പരമാവധി തുക നിശ്ചയിച്ചിട്ടില്ല. കിസാൻ ക്രഡിറ്റ് കാർഡ് പദ്ധതി പ്രകാരം കർഷകർക്ക്, കൃഷി ചെയ്യുന്ന വിള, കൃഷിസ്ഥലത്തിന്റെ വിസ്തൃതി, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനത്തിന് വേണ്ട പ്രവർത്തനമൂലധനം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നു. |
| (സി) എന്തെല്ലാം വിവരങ്ങളാണ് ഈ കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ക്രെഡിറ്റ് കാർഡ്, പാസ്സ്ബുക്ക്/ക്രെഡിറ്റ് കാർഡ് കം പാസ്സ്ബുക്ക് ലഭിക്കുന്നതാണ്. അതിൽ അംഗത്തിന്റെ പേര്, ഫോട്ടോ, വിലാസം, കൈവശ ഭൂമിയുടെ വിശദ വിവരം, വായ്പാ പരിധി, കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാർഡുകൾവഴി കർഷകർക്ക് ലഭ്യമാകുന്നത്? | (ഡി) കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കർഷകർക്ക് താഴെ പറയുന്ന ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതാണ്.<br>1. കൃഷിയ്ക്ക് ആവശ്യമുള്ള ഹ്രസ്വകാല വായ്പകൾ<br>2. വിളവെടുപ്പിനു ശേഷമുള്ള വിപണനത്തിനായുള്ള വായ്പകൾ<br>3. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ.<br>4. കർഷക കുടുംബങ്ങളുടെ ഉപഭോഗ ആവശ്യത്തിനുള്ള വായ്പകൾ<br>5. കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപം നിലനിറുത്തുന്നതിനുള്ള വായ്പകൾ.<br>6. പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, ക്ഷീരോല്പാദന മൃഗങ്ങൾ (ഡയറി ആനിമൽ) എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ |

സെക്ഷൻ ഓഫീസർ